വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം

294 (2123) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തികളിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള കൃഷി നാശം ഉൾപ്പെടെയുള്ള എത്ര കേസ്സുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇത്തരം ആക്രമണങ്ങളുടെ ഇരകളാകുന്ന കർഷകർക്ക് ഇപ്പോൾ ലഭ്യമാകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(സി) മാൻ-അനിമൽ കോൺഫ്ലിക്ട് നിയന്ത്രിക്കുന്നതിനുള്ള എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ ആയത് പരിശോധിക്കുന്നതിന് എന്ത് സൗകര്യമാണ് വകുപ്പിലുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് വനാതിർത്തികളിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലമുള്ള കൃഷിനാശം ഉൾപ്പെടെ 30943 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	വർഷം	കേസ്സുകളുടെ എണ്ണം
1	2011-12	6409
2	2012-13	5784
3	2013-14	7122
4	2014-15	7499
5	2015-16	4129

(ബി) മനുഷ്യർക്ക് ജീവഹാനി സംഭവിക്കുന്നതിന് നഷ്ടപരിഹാരമായി നൽകുന്ന തുക ജി.ഒ (എം.എസ്)96/2014/എഫ്&ഡബ്ല്യു എൽ ഡി തീയതി 17-11-2014 പ്രകാരം 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കാർഷിക വിളകളുടെ നഷ്ടത്തിനും മനുഷ്യർക്ക് ഉണ്ടാകുന്ന പരിക്കിനും നൽകാവുന്ന പരമാവധി നഷ്ടപരിഹാരത്തുക 75,000 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് കേരളനിയമസഭയുടെ സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ആയതുപ്രകാരം നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മാൻ-ആനിമൽ കോൺഫ്ലിക്ട് നിയന്ത്രിക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ.
5. പ്രശ്നക്കാരായ ആനകളെ റോഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ നടപടിയെടുത്തുവരുന്നു.
6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.
8. കാട്ടിലേക്ക് തിരിച്ചയക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ചു മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം.
9. പ്രശ്നക്കാരായ ആനകളെ പിടിച്ചു മാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.
10. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.
11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
12. പ്രശ്നങ്ങളുണ്ടാക്കുന്ന കരങ്ങുകളെ പിടിച്ചു മാറ്റാനും വന്ധീകരിക്കുവാനും ഉള്ള നടപടികൾ.

LIBRARY ARCHIVES Kerala Legislative Assembly

13. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടു വളർത്തുക.

14. കൃഷിയെ നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വേട്ടയാടുന്നതിനുള്ള അനുമതി.

മേൽപ്പറഞ്ഞ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സ്ഥലം എം.എൽ.എ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വിവിധ സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ (എൻ.ജി.ഒ.) എന്നിവർ ഉൾപ്പെടുന്ന ഒരു മേൽനോട്ടസമിതി, ഡിപ്പാർട്ടുമെന്റ് നടത്തുന്ന വിവിധ സംരക്ഷണ പ്രവർത്തനങ്ങളെ വിലയിരുത്തി വരുന്നു.

വനപ്രദേശങ്ങളിൽ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം

295 (2124) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപ്രദേശങ്ങളിൽ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മാവോയിസ്റ്റ് സാന്നിദ്ധ്യം തിരിച്ചറിയുന്നതിനും ചെറുക്കുന്നതിനുമായി വകുപ്പ് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) മാവോയിസ്റ്റുകളെ നേരിടുന്നതിനായി വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് ആധുനിക ആയുധങ്ങളും പരിശീലനവും നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനപ്രദേശങ്ങളിൽ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഈസ്റ്റേൺ സർക്കിളിന്റെ കീഴിൽ 7 കേസ്സുകളും, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, നോർത്തേൺ സർക്കിളിന്റെ കീഴിൽ ഒരു കേസ്സും വനം വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മാവോയിസ്റ്റ് സാന്നിദ്ധ്യം തിരിച്ചറിയുന്നതിനായി വനസംരക്ഷണ വിഭാഗം ജീവനക്കാരെ വനമേഖലയിൽ നിയോഗിക്കുകയും, സ്റ്റൈക്കിംഗ് ഫോഴ്സ്, സ്റ്റേഷനുകളിലെ സംരക്ഷണ വിഭാഗം ജീവനക്കാർ എന്നിവരുടെ പകൽ രാത്രികാല പട്രോളിംഗുകൾ ശക്തിപ്പെടുത്തിയിട്ടുമുണ്ട്. കേരള, തമിഴ്നാട് സംസ്ഥാനങ്ങളുടെ വനാതിർത്തികളിൽ വനം-പോലീസ് ഉദ്യോഗസ്ഥർ സംയുക്ത

LIBRARY ARCHIVES Kerala Legislative Assembly